(ബി) അധികാരികൾ നിശ്ചയിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി റവന്യൂ, പഞ്ചായത്ത് അധികൃതരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ചില ഇടങ്ങളിൽ മണലൂറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്പോൾ നിർദ്ദേശങ്ങൾ ഒന്നും പരിഗണനയിലില്ല.

228 (294) ജില്ല, താലൂക്ക്, വില്ലേജ് പുനഃസംഘടന

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ല, താലൂക്ക്, വില്ലേജ് പുനഃസംഘടന നടത്തുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) താലൂക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട് സർക്കാർ മുമ്പ് രൂപീകരിച്ച കമ്മിഷനുകളുടെ റിപ്പോർട്ടുകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം കേന്ദ്രീകരിച്ചും, ചാലക്കുടി കേന്ദ്രീകരിച്ചും പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്?

ഉത്തരം

(എ)&(ബി) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ ലഭിച്ച കമ്മിഷൻ റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജനസംഖ്യ, ഭൂവിസ്തൃതി, പിന്നോക്കാവസ്ഥ എന്നിവ പരിഗണിച്ചും, ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും കഴിവതുംവേഗം തീരുമാനമെടുക്കുന്നതാണ്.

(സി) പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) വില്ലേജിന്റെ വിസ്തീർണ്ണം 25 ചതുരശ്ര കിലോമീറ്ററും, ജനസംഖ്യ 25000-ഉം ആയി നിശ്ചയിച്ചിട്ടുണ്ട്. ജനസംഖ്യയിൽ 10000 വർദ്ധനയുണ്ടെങ്കിൽ വിസ്തീർണ്ണത്തിൽ ആനുപാതികമായി വ്യത്യാസം ആകാവുന്നതാണ്.

229 (295) നഗരസഭകളുടെ പരിധി വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളുടെ പരിധി വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച് നഗരസഭകളുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എന്തു തീരുമാനം കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സംവിധാനങ്ങളിലൂടെയുള്ള അർത്ഥ പൂർണ്ണമായ വളർച്ചയും വികസനവും ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സമീപ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ചിലവ തിരുവനന്തപുരം, കൊച്ചി നഗരസഭകളോട് കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളിന്മേൽ നഗരസഭകൾ തങ്ങളുടെ അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭകളോട് കടകംപള്ളി, ആറ്റിപ്ര, ഉള്ളൂർ, നേമം, തിരുവല്ലം എന്നീ ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ത്രിതല പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സംവിധാനങ്ങളിലൂടെ അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനും ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

230 (296) കുടികിടപ്പു കേസ്സുകൾ ലാന്റ് ട്രൈബ്യൂണലിന് വിടുന്നതിന് നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടികിടപ്പാണെന്ന് തീർപ്പുകൽപ്പിക്കുവാൻ വിദൂരസാദ്ധ്യതപോലുമില്ലാത്ത കേസ്സുകൾ ലാൻഡ് ട്രൈബ്യൂണലിന് വിടേണ്ടതില്ലെന്ന് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ വിധി സംസ്ഥാനത്തെ കുടികിടപ്പുകേസ്സുകളെ എങ്ങനെ ബാധിക്കുമെന്ന് അവലോകനം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly